# കേരളസർവകലാശാല

നം.പി.ആർ.217/2021

## പത്രക്കുറിപ്പ്

**ബിരുദ പ്രവേശനം 2021**
**ഒന്നാം സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**
**കോളേജ് പ്രവേശനം ഒക്ടോബർ 26 മുതൽ 28 വരെ**

കേരളസർവകലാശാലയിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായുള്ള 1st സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഒക്ടോബർ 26 മുതൽ 28 വരെയാണ് അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെട്ട് ഒക്ടോബർ 28 നുള്ളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ, നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. ഒക്ടോബർ 28 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണെന്ന കാര്യം ശ്രദ്ധിക്കുക.

പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. Permanent അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർത്ഥികൾ നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) 2019 – 2021 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 ഫെബ്രുവരിയിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും നവംബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2021 ജനുവരിയിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ. ഹിന്ദി (2018 അഡ്മിഷൻ/സപ്ലിമെന്ററി 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും നവംബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2021 ഒക്ടോബർ 27 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾ നവംബർ 3 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവകലാശാല മെറിറ്റ് സ്കോളർഷിപ്പ് – സാധ്യതാലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2018 – 19 വർഷത്തെ വിവിധ ബിരുദാനന്തരബിരുദ കോഴ്സുകളിൽ സർവകലാശാല മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യാതാലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഏതെങ്കിലും വിധത്തിലുള്ള പരാതികളുള്ളവർ 2021 നവംബർ 30 നകം പ്രിൻസിപ്പാൾ മുഖാന്തരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. നവംബർ 30 നു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ടു മാത്രം സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

## സ്പോർട്സ് സ്കോളർഷിപ്പ്

സൗത്ത് സോൺ/ ഓൾ ഇന്ത്യാ അന്തർ സർവകലാശാല മത്സരങ്ങളിൽ കേരള സർവകലാശാലയെ പ്രതിനിധീകരിച്ചു പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയ കായികതാരങ്ങൾക്കുള്ള 2017 – 18, 2018 – 19 & 2019 – 20 അദ്ധ്യയന വർഷങ്ങളിലെ കേരളസർവകലാശാല സ്പോർട്സ് സ്കോളർഷിപ്പുകളുടെ വിതരണം 2021 ഒക്ടോബർ 8 ന് കേരള സർവകലാശാല സെനറ്റ് ഹാളിൽ വെച്ച് നടത്തി. അന്നേ ദിവസം സ്കോളർഷിപ്പ് തുക കൈപ്പറ്റാൻ കഴിയാത്ത സ്പോർട്സ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ 2021 ഒക്ടോബർ 25 നകം ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ഓഫീസിൽ നേരിട്ട് ഹാജരായി സ്കോളർഷിപ്പ് തുക കൈപ്പറ്റേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. ഇനിയും സ്കോളർഷിപ്പ് തുക കൈപ്പറ്റാൻ കഴിയാത്ത സ്പോർട്സ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ നവംബർ 7 നകം നിർബന്ധമായും ഒറിജിനൽ ആധാർ കാർഡ്, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഇവ സഹിതം ജി.വി.രാജാ പവലിയനിൽ സ്ഥിതിചെയ്യുന്ന ഡിപ്പാർട്ടമെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഓഫീസിൽ നേരിട്ട് ഹാജരായി സ്കോളർഷിപ്പ് തുക കൈപ്പറ്റേണ്ടതാണ്. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ അധികാരപ്പെടുത്തിയ വ്യക്തിയുടെ ഒറിജിനൽ ആധാർ കാർഡും, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പും, കായികതാരത്തിന്റെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അഥവാ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടു

ത്തുയ സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും, അധികാരപ്പെടുത്തിയ രേഖ എന്നിവ സമർപ്പിച്ച് തുക കൈപ്പറ്റാവുന്നതാണ്. നിശ്ചിത തീയതിക്കുളളിൽ കൈപ്പറ്റാത്ത സ്കോളർഷിപ്പ് തുക സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ്. അതിനുശേഷം കുട്ടികൾക്ക് മേൽ സൂചിപ്പിച്ച കാലയളവിൽ സ്കോളർഷിപ്പിന് യാതൊരുവിധ ക്ലെയിം ഉണ്ടായിരിക്കുന്നതല്ല.

തിരുവനന്തപുരം,
25.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**